◆ അഭിമുഖം ◆

# 'എ.കെ പാർട്ടിയുമായി മൗലികമായ വിയോജിപ്പ്'

കോൺസ്റ്റാന്റിനോപ്പ്ൾ വിജയത്തിന്റെ 554-ാം വാർഷികത്തോടനുബന്ധിച്ച് തുർക്കിയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കെ, ഇസ്‌ലാമിക കക്ഷിയായ സആദ പാർട്ടിയുടെ സ്ഥാപകനേതാവ് നജ്മുദ്ദീൻ അർബകാന്റെ അപ്രതീക്ഷിതമായ ഒരു പ്രഖ്യാപനം വന്നു-വിജയദിനം നാം ആഘോഷിക്കുന്നത് 2007 ജൂലൈ 22-ന് ആയിരിക്കും. തുർക്കിയിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുന്ന അന്നേ ദിവസം! ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടിയെ പേരെടുത്ത് പറയാതെ അദ്ദേഹം കടുത്ത ഭാഷയിൽ വിമർശിച്ചു. 'ദിഗ്വിജയി മുഹമ്മദ്' കോൺസ്റ്റാന്റിനോപ്പ്ൾ കീഴടക്കിയത് പോലെ നിലവിലുള്ള ഭരണകക്ഷിയെ തങ്ങൾ തൂത്തെറിയുമെന്ന് സൂചന. **റജാഈ ഖൂത്വാൻ** ആണ് ഇപ്പോൾ സആദ പാർട്ടിയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹം തന്റെ പാർട്ടിയുടെ നയനിലപാടുകൾ വിശദീകരിക്കുന്നു

---

**കോൺസ്റ്റാന്റിനോപ്പ്ൾ വിജയം എന്ന ചരിത്ര സംഭവത്തെ താങ്കളുടെ പാർട്ടി തെരഞ്ഞെടുപ്പ് ലക്ഷ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണല്ലോ. ഇസ്‌ലാമിക ചരിത്രത്തിലെ വേറെയും സംഭവങ്ങളെ നിങ്ങൾ പ്രചാരണ പരിപാടികളിൽ ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിശ്ചിത ശതമാനം വോട്ട് ലഭിക്കാത്തതിനാൽ പാർലമെന്റ് പ്രാതിനിധ്യം നഷ്ടമായ സആദ പാർട്ടിയുടെ തിരിച്ചുവരവിനുള്ള ശ്രമമായി കണ്ടുകൂടേ ഇതിനെ?**

കോൺസ്റ്റാന്റിനോപ്പ്ൾ വിജയദിനം വർഷങ്ങളായി ആഘോഷിച്ചുവരുന്ന ഒന്നാണ്. തെരഞ്ഞെടുപ്പ് ഇല്ലെങ്കിലും ആഘോഷം നടക്കാറുണ്ട്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ പറ്റി പറയുകയാണെങ്കിൽ, ഞങ്ങളുടെ പാർട്ടി (അന്നത്തെ പേര് ഫളീല) രണ്ടായി പിളർന്ന ഉടനെയാണ് അത് നടന്നത്. ഒരു വിഭാഗം എ.കെ പാർട്ടി രൂപീകരിച്ച് പുറത്തുപോയി. ഇത് വോട്ടർമാർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കി. ഇരു കക്ഷികൾക്കും നൽകുന്ന വോട്ട് ഫളീല പാർട്ടിക്ക് നൽകുന്ന പിന്തുണയായി ജനം കണക്കുകൂട്ടി. അങ്ങനെ ഞങ്ങൾക്ക് കിട്ടേണ്ട വോട്ട് എ.കെ പാർട്ടിക്ക് പോയി.

അൽപം ചരിത്രം പറയാം. 1980-ൽ സൈനിക അട്ടിമറിയുണ്ടായപ്പോൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിൽനിന്ന് ഞങ്ങളെ വിലക്കി. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ റഫാഹ് എന്ന പേരിൽ ഞങ്ങൾ മത്സരിച്ചെങ്കിലും കാര്യമായ നേട്ടമുണ്ടായില്ല. 1995-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾ തുർക്കിയിലെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. ആ വിജയം ഇത്തവണ ആവർത്തിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

**ഇത്തവണ ചിത്രം തീർത്തും വ്യത്യസ്തമല്ലേ? അന്ന് നിങ്ങൾ ഒറ്റകക്ഷിയായിരുന്നു. അന്നത്തെ വലിയൊരു വിഭാഗം, പ്രത്യേകിച്ച് യുവ നേതാക്കൾ ഇന്ന് നിങ്ങളുടെ കൂടെയില്ല. ഇത് നിങ്ങളുടെ പാർട്ടിയുടെ വിജയസാധ്യതയെ ബാധിക്കില്ലേ?**

പിളർപ്പ് ഉണ്ടായ ഉടനെ മാതൃസംഘടന ഏത്, വിഘടിച്ച് പോയ സംഘടന ഏത് എന്ന ആശയക്കുഴപ്പം ജനങ്ങൾക്കിടയിൽ നല്ലപോലെ ഉണ്ടായിരുന്നു. അഞ്ചു വർഷം ഭരണത്തിലിരുന്നതുകൊണ്ട് എ.കെ പാർട്ടിയുടെ രാഷ്ട്രീയവും പ്രത്യേകതകളും ജനങ്ങൾക്ക് അടുത്തറിയാൻ പറ്റി. ഞങ്ങളും അവരും വെവ്വേറെ സംഘടനകളാണെന്നും തമ്മിൽ ബന്ധമില്ലെന്നും ഇപ്പോൾ ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. എ.കെ പാർട്ടിയുടെ വിദേശനയം സ്വതന്ത്രമോ ദേശീയ താൽപര്യങ്ങൾ മുൻനിർത്തിയുള്ളതോ അല്ല. അമേരിക്കയുടെയും യൂറോപ്പിന്റെയും ഇസ്രയേലിന്റെയും താൽപര്യങ്ങൾക്കാണ് മുൻഗണന. ഇത് സാമ്പത്തിക രംഗത്തും കാണാനുണ്ട്. അന്താരാഷ്ട്ര നാണയനിധി (ഐ.എം.എഫ്)യുടെ തിട്ടൂരങ്ങൾ നടപ്പാക്കാനുള്ള തീരുമാനം തുർക്കിയെ ഒരു ദുരന്തത്തിലേക്കാണ് കൊണ്ടുപോകുന്നത്. കിഴക്കനേഷ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക തകർച്ച ഇവിടെയും ആവർത്തിച്ചേക്കാം. കടപ്പാട് ഐ.എം.എഫിനോടാവുമ്പോൾ സമ്പദ്ഘടനയുടെ നിലനിൽപ് ഉൽപാദനത്തെയോ കയറ്റുമതിയെയോ ആശ്രയിച്ചായിരിക്കില്ല, പാശ്ചാത്യർ നൽകുന്ന പണത്തിന്റെ പിൻബലത്തിലായിരിക്കും.

ഇതുകാരണം രാജ്യത്തിന്റെ സമ്പത്ത് ചില വ്യവസായികളിലും സംരംഭകരിലും മാത്രം കേന്ദ്രീകരിക്കപ്പെടാൻ ഇടയായിട്ടുണ്ട്. പണക്കാർ കൂടുതൽ പണക്കാരാവുകയും ദരിദ്രർ പറ്റെ ദരിദ്രരാവുകയും ചെയ്യുന്നു. റഫാഹ് ഭരണത്തിലിരുന്നപ്പോൾ തുടർന്ന നയത്തിന് നേർവിരുദ്ധമാണിത്. ഉൽപാദനത്തിൽ കേന്ദ്രീകരിക്കുന്ന ഒരു സ്വതന്ത്ര സാമ്പത്തിക നയം രൂപവത്കരിക്കാനായിരിന്നു ഞങ്ങളുടെ ശ്രമം. ഇരു കക്ഷികളും തമ്മിലുള്ള ഈ വ്യത്യാസങ്ങൾ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

**താങ്കളുടെ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചാരണം മുഖ്യമായും 'ഭൂതകാല മഹത്വങ്ങൾ' ഉയർത്തിപ്പിടിച്ചുകൊണ്ടുള്ളതാണ്. എ.കെ പാർട്ടിയാവട്ടെ അവരുടെ ഭരണകാലത്തുണ്ടായ സാമ്പത്തിക വളർച്ചയുടെ കണക്കുകളുമായാണ് ജനങ്ങളെ സമീപിക്കുന്നത്?**

ഈ കണക്കുകൾ സൂക്ഷ്മമല്ല. സാമ്പത്തിക നേട്ടം ഉണ്ടായിട്ടുള്ളത് പണക്കാർക്കും വൻ സംരംഭകർക്കും മാത്രമാണ്. അവർ സ്വാഭാവികമായും ഈ നേട്ടങ്ങൾ കൊട്ടിഘോഷിക്കും. മീഡിയ അതേറ്റുപിടിക്കും. മീഡിയ അല്ലാതെ, ജനങ്ങൾ പറയട്ടെ അവർക്ക് നേട്ടമുണ്ടായിട്ടുണ്ടെന്ന്!

**ഇസ്‌ലാമിക ചരിത്രസംഭവങ്ങളുടെ പ്രകീർത്തനങ്ങളാണ് നിങ്ങളുടെ പ്രചാരണങ്ങളിൽ ഉയർന്നു കേൾക്കുന്നത്. എ.കെ പാർട്ടിക്ക് ഉള്ളതുപോലെ ഒരു തെരഞ്ഞെടുപ്പ് അജണ്ട നിങ്ങൾക്കും ഇല്ലേ?**

ഞങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലും ചിഹ്നങ്ങളിലും അജണ്ടയെ ഒതുക്കുകയാണെന്ന വാദം ശരിയല്ല. തുർക്കിയുടെ ഇസ്‌ലാമിക സ്വത്വം വെല്ലുവിളി നേരിടുന്ന സന്ദർഭമായതുകൊണ്ട് അത്തരം ചിഹ്നങ്ങൾ പ്രചാരണങ്ങളിൽ ഉയർന്നുവരിക സ്വാഭാവികമാണ്. തുർക്കിയുടെ ദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഒരു രാഷ്ട്രീയ അജണ്ട സമർപ്പിച്ച പാർട്ടിയാണ് ഞങ്ങളുടേത്. പക്ഷേ, മതവിരുദ്ധതയിൽ ഊട്ടിയുറപ്പിക്കപ്പെട്ട

ദേശീയ മീഡിയ ഇതിനെ പൂർണമായി തമസ്കരിക്കുകയായിരുന്നു. എ.കെ പാർട്ടിക്ക് ഇങ്ങനെ സ്വതന്ത്രമായ ഒരു അജണ്ടയില്ല. അവർക്കുള്ള അജണ്ടാ നിർദേശങ്ങൾ പലതും വരുന്നത് വിദേശങ്ങളിൽനിന്നാണ്. ചരിത്രസംഭവങ്ങളെ ഞങ്ങൾ ഉയർത്തിപ്പിടിക്കുന്നത് ഭാവിതലമുറയുടെ വ്യക്തിത്വരൂപീകരണം എന്ന ലക്ഷ്യം മുന്നിൽവെച്ചാണ്. കാലത്തിനിണങ്ങുന്ന രാഷ്ട്രീയ അജണ്ടയില്ല എന്നല്ല അതിന്റെ അർഥം.

**ആ രാഷ്ട്രീയ അജണ്ടയെക്കുറിച്ച് പറയാമോ?**

1969 മുതൽ ഞങ്ങൾ രാഷ്ട്രീയത്തിലുണ്ട്. അമേരിക്കയെയും യൂറോപ്പിനെയും ഒഴിവാക്കി, കിഴക്കൻ ഇസ്ലാമിക ലോകത്തോട് ആഭിമുഖ്യം പുലർത്തുന്ന ഒരു നയമാണ് അന്നു മുതൽ ഞങ്ങൾ പിന്തുടർന്നുവരുന്നത്. അധികാരം ലഭിച്ചപ്പോഴൊക്കെ ഞങ്ങളത് നടപ്പാക്കാൻ ശ്രമിച്ചിട്ടുണ്ട്. 1980-ലെ സൈനിക വിപ്ലവത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ ജയിലിൽ വെച്ച് നജ്മുദ്ദീൻ അർബകാനോട് പട്ടാളമേധാവികൾ ചോദിച്ചു: 'താങ്കൾ ഉപപ്രധാനമന്ത്രിയായപ്പോൾ ഒരു തവണ പോലും യൂറോപ്പും അമേരിക്കയും സന്ദർശിച്ചില്ല. മുസ്ലിം നാടുകൾ നിരന്തരം സന്ദർശിച്ചുകൊണ്ടുമിരുന്നു. ഇതെന്തുകൊണ്ട്?' അതായത് അമേരിക്കയും യൂറോപ്പുമായുമല്ല, ഇസ്ലാമിക ലോകവുമായാണ് ഞങ്ങളുടെ രാഷ്ട്രീയം ബന്ധപ്പെട്ടുകിടക്കുന്നത്. 1966-'97-ൽ അർബകാൻ മന്ത്രിസഭയിൽ ഞാൻ ഊർജകാര്യ മന്ത്രിയായിരുന്നപ്പോൾ പെട്രോളും പ്രകൃതിവാതകങ്ങളും വാങ്ങാൻ മുസ്ലിം നാടുകളുമായി നിരവധി കരാറുകളുണ്ടാക്കി. അസർബൈജാൻ, തുർക്കുമാനിസ്താൻ, കസാഖിസ്താൻ, കിർഗിസ്താൻ തുടങ്ങിയ മധ്യേഷ്യൻ രാജ്യങ്ങളുമായും ബന്ധം മെച്ചപ്പെടുത്തി. പാശ്ചാത്യരുടെ പിന്നാലെ നടക്കുന്നതിനു പകരം ഇസ്ലാമികലോകവുമായി സഹകരണം. പ്രധാനമന്ത്രിയായിരുന്നപ്പോൾ അർബകാൻ ജി-8 മാതൃകയിൽ എട്ട് പ്രമുഖ മുസ്ലിം രാഷ്ട്രങ്ങളുടെ കൂട്ടായ്മക്ക് ശ്രമിച്ചിരുന്നു.

**ഇതുകൊണ്ടാണല്ലോ സൈന്യം അർബകാൻ ഭരണത്തെ അട്ടിമറിച്ചത്. ഇതേ നയം തന്നെ തുടർന്നാൽ ഭരണത്തിൽ തിരിച്ചെത്തിയാലും പ്രശ്നമായിരിക്കില്ലേ?**

തീർച്ചയായും. ഇതൊരു മൗലികമായ നിലപാടാണ്. ഇതിൽനിന്ന് പിന്തിരിയുന്ന പ്രശ്നമില്ല. രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ലോകമൊട്ടുക്കും ഇന്ന് ചർച്ചാ വിഷയമാണ്. അതിനൊരു മാർഗരേഖയാണ് അർബകാൻ സമർപ്പിച്ചത്. എന്നാൽ എ.കെ പാർട്ടി ഈ മൗലിക നിലപാടിൽനിന്ന് പിറകോട്ടുപോയി. അവർ തുർക്കിയെ പാശ്ചാത്യ വിധേയത്വത്തിൽ കൊണ്ട് കെട്ടുകയാണ്.

**എ.കെ പാർട്ടിക്കെതിരെ കടുത്ത വിമർശനങ്ങളാണ് താങ്കളുടെ പാർട്ടി നടത്തുന്നത്. ഇത്തരം പ്രചാരണങ്ങൾ ഉപേക്ഷിക്കേണ്ടതല്ലേ?**

ഞങ്ങളുടെ പാർട്ടി ആരുമായും യുദ്ധത്തിലല്ല. ഞങ്ങളുടെ നിലപാട് വിശദീകരിക്കുമ്പോൾ അവരുടെ നിലപാടിനെ വിമർശിക്കേണ്ടിവരുന്നു. ആർക്കെതിരെയും ഞങ്ങൾ ദുഷ്പ്രചാരണങ്ങൾ നടത്തുന്നില്ല. എ.കെ പാർട്ടിയുടെ നയം തുർക്കിയെ ദുരന്തത്തിലേക്ക് തള്ളിവിടുമെന്ന് ഞങ്ങൾ കരുതുന്നു. ഇതു കണ്ട് മിണ്ടാതിരിക്കാനാവില്ല.

**രണ്ട് കക്ഷികളും ഇസ്ലാമിക ധാരയെ ആണല്ലോ പ്രതിനിധീകരിക്കുന്നത്. ഒരു ധാരണയിൽ എത്തിക്കൂടേ?**

ധാരണക്ക് ഞങ്ങൾ എതിരല്ല. പക്ഷേ, എ.കെ പാർട്ടി അതിന്റെ തെറ്റായ രാഷ്ട്രീയ നയങ്ങൾ തിരുത്തേണ്ടിവരും. ഒരു സംഭവം ഓർക്കുകയാണ്. 'തോസ്യാദ്' എന്ന പേരിൽ മതവിരുദ്ധരുടെ ഒരു പഠനകേന്ദ്രമുണ്ട് തുർക്കിയിൽ. അർബകാനെ സൈന്യം പുറത്താക്കിയ ശേഷം തോസ്യാദ് നടത്തിയ ഒരു പഠനത്തിൽ അടുത്ത തെരഞ്ഞെടുപ്പിൽ റഫാഹ് പാർട്ടി 45 ശതമാനം വോട്ട് നേടുമെന്നും പിന്നീടുള്ള തെരഞ്ഞെടുപ്പുകളിൽ അത് 65 ശതമാനം വരെ ഉയരുമെന്നും വ്യക്തമാക്കുകയുണ്ടായി. റഫാഹിനെ പിളർത്തുകയേ രക്ഷയുള്ളൂ എന്നും അവർ നിർദേശിച്ചു. എ.കെ പാർട്ടി രൂപീകരിച്ചവർ ഇവരുടെ ഇംഗിതമല്ലേ നടപ്പിലാക്കിയത്?

*ഇസ്ലാം ഓൺലൈൻ നെറ്റ് (അറബി)*